**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **02-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണവുമായി ബന്ധപ്പെട്ട താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയ്ക്കനുസരിച്ചുള്ള തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (എ) | കർഷകരിൽ നിന്ന് നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെല്ല്, കർഷകരുടെ കൃഷിയിടത്തിൽ നിന്ന് സംഭരിച്ച്, കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി (CMR-Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്.<br><br>ടി അരി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി, 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്.<br><br>ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്നതുവരെ 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സംഭരിച്ച നെല്ലിന്റെ തുക നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നെല്ല് കർഷകർക്ക് സമയബന്ധിതമായി സംഭരണ തുക ലഭിക്കുന്നതിനും വേണ്ടിയാണ് സപ്ലൈകോ പി.ആർ.എസ് വായ്പ പദ്ധതി ഏർപ്പെടുത്തി യിരിക്കുന്നത്. കർഷകരിൽ നിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പാഡി റെസിപ്റ്റ് ഷീറ്റ് (PRS). സംഭരിച്ച നെല്ലിന്റെയും അതിന് തുല്യമായി ലഭിക്കുന്ന തുകയും നൽകുന്നതിന് പി.ആർ.എസ് |

| | | | |
|---|---|---|---|
| | | | അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ് ഉപയോഗിച്ച് ബാങ്ക് മുഖേന കർഷകർക്ക് തുക നൽകുന്ന പദ്ധതിയാണ് പി.ആർ.എസ് വായ്പാപദ്ധതി. താങ്ങുവില ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള തുകകൾ വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (സി) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് സമയബന്ധിതമായി പണം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2023-24 സീസണിൽ പരമാവധി വേഗത്തിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ ബാങ്കുകളുടെ കൺസോർഷ്യവുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബാങ്ക് മേധാവികളുമായി മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും വായ്പാവിതരണം ത്വരിതപ്പെടുത്തുന്നതിന് നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും സപ്ലൈകോയുമായും ഇക്കാര്യത്തിൽ ആശയ വിനിമയം ഫലപ്രദമാക്കാൻ നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ